## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.106 — 07.08.2017 ൽ മറുപടിയ്ക്ക്

### നടിയെ ആക്രമിച്ച കേസിലെ പ്രതിക്ക് ജയിലിൽ മൊബൈൽ ഫോൺ ലഭിച്ച സാഹചര്യം

| ചോദ്യം<br>ശ്രീ. പി.ടി. തോമസ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | നടിയെ ആക്രമിച്ച കേസിലെ പ്രധാന പ്രതി പൾസർ സുനി കാക്കനാട് ജില്ലാ ജയിലിൽ നിന്നും ഫോൺ ചെയ്തതായുള്ള കാര്യത്തിൽ അന്വേഷണം നടത്തിയോ ; പ്രതിക്ക് ജയിലിൽ മൊബൈൽ ഫോൺ ലഭിച്ച സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ ; | (എ)<br>&<br>(ബി) | നടിയെ ആക്രമിച്ച കേസിലെ പ്രധാന പ്രതി പൾസർ സുനി കാക്കനാട് ജില്ലാ ജയിലിൽ നിന്നും ഫോൺ ചെയ്തതായുള്ള കാര്യത്തിൽ ഇൻഫോ പാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം 751/2017 നമ്പറിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ അന്വേഷണം നടത്താൻ മദ്ധ്യമേഖലാ ജയിൽ ഡി.ഐ.ജി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രതിക്ക് ജയിലിൽ മൊബൈൽഫോൺ ലഭിച്ച സാഹചര്യം കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ജയിലുദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും അന്വേഷണം നടന്നുകൊണ്ടിരി - ക്കുകയാണ്. അന്വേഷണത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കാര്യത്തിൽ ഏതെങ്കിലും ജയിലുദ്യോഗസ്ഥരുടെ സഹായം പൾസർ സുനിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ